ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/11017/2025-IV1 തീയതി: 06-06-2025

## 16.05.2025 തീയതി ചേർന്ന സംസ്ഥാനതല സ്ഥിരം അദാലത്ത് സമിതി യോഗത്തിന്റെ ഹാജരും മിനിറ്റ്സും

സ്ഥിരം അദാലത്ത് സംവിധാനവുമായി ബന്ധപ്പെട്ട സംസ്ഥാനതല അദാലത്ത് സമിതി യോഗത്തിൽ യോഗം 16.05.2025 തീയതി പകൽ 2.30 മണിക്ക് ചേരുകയുണ്ടായി.

**അജണ്ട**

1. കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനായി ശ്രീ. രതീഷ് കുമാർ ആർ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

2. കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനായി ശ്രീ. സുനിൽ ജോൺ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

3. ലേ ഔട്ട് അപ്രൂവൽ വാങ്ങാതെ പ്ലോട്ട് സബ്ഡിവിഷൻ നടത്തിയ സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. ഷാജഹാൻ ബി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

4. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിന് ശ്രീ. ടോം ജോർജ്ജ്, ശ്രീമതി സോണിയ നോബിൾ എന്നിവർ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

5. മതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീമതി ആരിഫ മെതിയ്യിൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

6. മതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീമതി ഹാരിഫ മെതിയ്യിൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

7. അനധികൃത ഹോസ്പിറ്റൽ നിർമ്മാണത്തിനെതിരെ പള്ളിപ്പാടി ജനകീയ സമിതി സമർപ്പിച്ച

അപേക്ഷ പരിഗണിക്കുന്നത്.

8. കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നസീറ പി.കെ. സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

9. കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനായി ശ്രീമതി ഹസീന സി.എ. സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

10. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിന് ശ്രീ. മുഹമ്മദ് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

11. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിന് ശ്രീ. സുർജിത് സിങ്ങ് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

12. തദ്ദേശ അദാലത്തിൽ തെറ്റായ റിപ്പോർട്ട് നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. ഗിരീഷ് ബാബു വി.ബി. സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

13. ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് അധിക ധനസഹായം അനുവദിക്കുന്നതിന് ശ്രീമതി ഷൈജമ്മ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

<u>പങ്കെടുത്തവർ</u>

1. ശ്രീമതി ഷിജി ഇ ചന്ദ്രൻ, ചീഫ് ടൗൺ പ്ലാനർ
2. ശ്രീമതി വനജകുമാരി കെ, ചീഫ് വിജിലൻസ് ഓഫീസർ
3. ബന്ധപ്പെട്ട ജില്ലാ/ ഉപജില്ലാ സമിതി കൺവീനർമാരും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും
4. സിറ്റിസൺ അസിസ്റ്റൻറ് പോർട്ടൽ മുഖേന പരാതി സമർപ്പിച്ചിരുന്ന അപേക്ഷകർ.

യോഗത്തിൽ അജണ്ട പ്രകാരമുള്ള പരാതികൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കുകയും പരാതിക്കാരന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെയും വാദങ്ങളും ഉപജില്ല/ജില്ലാ സമിതി കൺവീനർമാരുടെ അഭിപ്രായങ്ങളും കേൾക്കുകയുണ്ടായി. തുടർന്ന് സംസ്ഥാനതല അദാലത്ത് സമിതി ലഭ്യമായ അപേക്ഷകളിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

<u>അജണ്ട 1 :</u>

<u>**കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനായി ശ്രീ. രതീഷ് കുമാർ ആർ സമർപ്പിച്ച അപേക്ഷ (Docket No: BPPTA30425000023)**</u>

2020 ൽ വിലയ്ക്ക് വാങ്ങിയ സ്ഥലത്തുണ്ടായിരുന്ന കെട്ടിടം റഗുലറൈസ് ചെയ്ത് 2021 ൽ നമ്പർ അനുവദിച്ചിരുന്നു. ടി കെട്ടിടത്തിന് മുകളിൽ റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റിന് അപേക്ഷിച്ചപ്പോൾ ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി ലഭിച്ചിരുന്നില്ല. കെട്ടിടത്തിന്റെ ഒരു വശത്ത് കൂടി പോകുന്ന വഴിയും കെട്ടിടവും തമ്മിൽ ദൂരപരിധി പാലിക്കുന്നില്ല. KPBR 2019 റൂൾ 23 പാലിക്കുന്ന

തരത്തിൽ പ്ലാൻ സമർപ്പിക്കുവാൻ ഗ്രാമപഞ്ചായത്തിൽ നിന്നും 18/12/2023 ൽ ടിയാന് അറിയിപ്പ് നൽകിയിരുന്നു. നിലവിലെ നമ്പറുള്ള കെട്ടിടം വശത്തുള്ള വഴിയുമായി ദൂരപരിധി പാലിക്കുന്നതായി കാണുന്നില്ല. KPBR Rule 23 പാലിക്കുന്നില്ല എന്ന കാരണത്താൽ ഗ്രാമപഞ്ചായത്ത് പെർമിറ്റ് നിഷേധിക്കുന്നു എന്നും പെർമിറ്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്

**<u>തീരുമാനം</u>**

KPBR 2019 ചട്ടം 3 (1) (d) പ്രകാരം ഒരു കെട്ടിടത്തിനോട് കൂട്ടിച്ചേർക്കലിലോ അല്ലെങ്കിൽ വിപുലീകരണമോ നടത്തുന്നിടത്ത് അത്തരം കൂട്ടിച്ചേർക്കലിനും അല്ലെങ്കിൽ വിപുലീകരണത്തിനും മാത്രമാണ് ഈ ചട്ടങ്ങൾ ബാധകം ആവുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകന്റെ നിലവിലുള്ള കെട്ടിടം അംഗീകൃതമാണെങ്കിൽ ടി കെട്ടിടത്തിന് മുകളിൽ നിർമ്മാണം നടത്തുന്നതിന് നിയമാനുസൃതം അപേക്ഷയും പ്ലാനും സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് പുതിയ നിർമ്മാണത്തിന് ചട്ടലംഘനങ്ങൾ ഇല്ലാത്ത പക്ഷം നിർമ്മാണാനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**(നടപടി : സെക്രട്ടറി, കുളനട ഗ്രാമപഞ്ചായത്ത്.)**

**<u>അജണ്ട 2 :</u>**

**<u>കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനായി ശ്രീ. സുനിൽ ജോൺ സമർപ്പിച്ച അപേക്ഷ (Docket No: BPPTA30425000025)</u>**

കുളനട വില്ലേജിൽ റീസർവേ നമ്പർ 346/18 ൽ ഉൾപ്പെട്ട വസ്തുവിന്റെ ഉടമസ്ഥയായിരുന്ന ശ്രീമതി സിനി സുനിൽ ജോൺ, ടിയാളുടെ മാതാവായ മേരി മത്തായിക്കും ഭർത്താവായ ശ്രീ. സുനിൽ ജോണിനും 121 ആർ ഭൂമി വീതം വിഭജിച്ചു നൽകി വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് നേടി. മേരി മത്തായി ടിയാളുടെ വസ്തു ശ്രീമതി സിനി സുനിൽ ജോണിന് വിൽപത്രം എഴുതുകയും മരണപ്പെടുകയും ചെയ്തു. ശ്രീമതി സിനിയുടെ പേരിൽ ടി വസ്തുവിനോട് ചേർന്ന് വാണിജ്യ കെട്ടിടമുണ്ട്. ശ്രീ. സുനിൽ ജോണിന്റെ പ്ലോട്ടിലേക്കുള്ള വഴിയും ടിയാളുടെ പേരിലാണ്. small plot ൻറെ ആനുകൂല്യം ലഭിക്കുന്നതിനായി പ്ലോട്ട് വിഭജനം നടത്തിയെന്ന് 2021-22 ലെ കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായി. തുടർന്ന് KPBR 23, 26 എന്നീ ചട്ടങ്ങൾ പാലിക്കുന്നില്ലായെന്ന കാരണത്താൽ പെർമിറ്റ് അപേക്ഷ നിരസിച്ചിരുന്നു.

**<u>തീരുമാനം</u>**

ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതരുടെയും അപേക്ഷകരുടെയും സാന്നിധ്യത്തിൽ താലൂക്ക് സർവേയർ വസ്തുവിന്റെ അതിരളവുകൾ നിശ്ചയിക്കുന്നതിന് സർവ്വേ നടത്തിയിട്ടുള്ളതാണെന്നും എന്നാൽ ടി സർവ്വേ സ്കെച്ച് ലഭ്യമായിട്ടില്ലെന്നും അപേക്ഷകൻ അദാലത്തിൽ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി സ്കെച്ച് ലഭ്യമാക്കിയ ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ അതിര് നിർണയിച്ച് നിയമാനുസൃതം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി : സെക്രട്ടറി, കുളനട ഗ്രാമപഞ്ചായത്ത്)

**അജണ്ട 3 :**

**ലേ ഔട്ട് അപ്രൂവൽ വാങ്ങാതെ പ്ലോട്ട് സബ്ഡിവിഷൻ നടത്തിയ സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. ഷാജഹാൻ .ബി സമർപ്പിച്ച അപേക്ഷ (Docket No: BPKTM30538000003)**

ലേ ഔട്ട് അപ്രൂവൽ വാങ്ങാതെ പ്ലോട്ട് സബ്ഡിവിഷൻ നടത്തിയ സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി നൽകുന്നില്ലെന്നും പെർമിറ്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. KPBR Rule 31 പ്രകാരമുള്ള Lay out അംഗീകാരം ലഭ്യമാക്കേണ്ടതും കൂടാതെ ടി സ്ഥലം ചെരിഞ്ഞ പ്രദേശവും ടി സ്ഥലത്തു നിന്നും മണ്ണ് നീക്കം ചെയ്യേണ്ടതാണ് എന്നും കാണുന്നു. 13/12/24 ലെ മീനച്ചിൽ താലൂക്കിലെ കരുതലും കൈത്താങ്ങലും പരിപാടിയിൽ പരാതിക്കാരന്റെ അപേക്ഷ പരിഗണിക്കാവുന്നതാണ് എന്ന് ബഹു. മന്ത്രി ശ്രീ. റോഷി അഗസ്റ്റ്യൻ നിർദേശിച്ചിരുന്നു. ഈ വിഷയത്തിൽ തീക്കോയി പഞ്ചായത്ത് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറോട് ഒരു സ്പഷ്ടീകരണം ചോദിച്ചിട്ടുള്ളതുമാണ്. അതിരമ്പുഴ ഗ്രാമപഞ്ചായത്തിലെ ശ്രീ. ഷാജി ജോസ് സി BPKTM10514000026 എന്ന ഡോക്കറ്റ് നമ്പർ പരാതി അപേക്ഷകന്റെ പരാതിയുമായി സമാന സ്വഭാവമുള്ളതാണെന്നും പ്രസ്തുത പരാതി അപേക്ഷകന് അനുകൂലമായി സംസ്ഥാന സമിതി തീർപ്പാക്കിയിട്ടുണ്ടെന്നു പരാതിക്കാരൻ ടി യോഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**തീരുമാനം**

K P B R ചട്ടം 3 1ലെ ചട്ടങ്ങൾ പാലിച്ച് കൊണ്ട് എല്ലാ പ്ലോട്ടുടമസ്ഥരും ചേർന്ന് അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു.

**അജണ്ട 4 :**

**നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിന് ശ്രീ.ടോം ജോർജ്ജ്, ശ്രീമതി സോണിയ നോബിൾ എന്നിവർ സമർപ്പിച്ച അപേക്ഷ (Docket No: BPKTM 40530000004)**

മീനച്ചിൽ പഞ്ചായത്തിൽ വാർഡ് 3 ൽ 13-01-2023 തീയതിയിൽ 264.29 ച.മീ വിസ്തീർണ്ണത്തിൽ 2 നിലയിൽ ഒരു വാസഗൃഹത്തിനു പെർമിറ്റ് നൽകുകയും 30-07-2024 തീയതി കെട്ടിട നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ നൽകിയത് പ്രകാരം സ്ഥലപരിശോധന നടത്തിയതിൽ പെർമിറ്റ് അപേക്ഷയോടൊപ്പം നൽകിയ പ്ലാനിൽ നിന്നും വ്യത്യസ്തമായി ഫസ്റ്റ് ഫ്ലോറിനു മുകളിൽ അധികമായി നിർമ്മിച്ച നിർമ്മിതിയുടെ വിസ്തീർണ്ണമായ 27.43 ച. മീ. കൂടി ഉൾപ്പെടുത്തി ആകെ 292.53 ച. മീറ്ററിന് ആണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ അധികമായി നിർമ്മിച്ചിട്ടുള്ള ഭാഗം വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനാണെന്നും ആയതു HABITABLE ആയിട്ടുള്ള ഏരിയ അല്ലായെന്നും പ്ലിന്ത് ഏരിയായിൽ നിന്നും സീലിംഗിലേക്കുള്ള ഉയരം 2.39 മീറ്റർ ആണെന്നും, പ്രസ്തുത ഭാഗത്തേക്കുള്ള പ്രവേശനം കുത്തനെയുള്ള ഗോവണിയാണെന്നും പരിഗണിച്ച് നികുതി നിർണ്ണയിക്കപ്പെട്ട പ്ലിന്ത് ഏരിയ പുനഃ പരിശോധിക്കണമെന്നാണ് പരാതി.

**തീരുമാനം**

വശങ്ങൾ കെട്ടിയടച്ച് റൂഫ് നൽകിയിട്ടുള്ള റൂം ആണെങ്കിൽ പ്രസ്തുത ഭാഗം ഫ്ലോർ ഏര്യയിൽ ഉൾപ്പെടുന്നതാണ്. ടി കെട്ടിടം ജില്ലാ ടൗൺ പ്ലാനറുടെ സഹായത്തോടെ പരിശോധിച്ച് വ്യക്തമായ ശുപാർശസഹിതം റിപ്പോർട്ട് നൽകുന്നതിന് കോട്ടയം ജില്ലയിലെ ജില്ലാതല അദാലത്ത് സമിതി ചെയർമാനായ ജില്ലാ ജോയിൻ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**(നടപടി: ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം)**

**അജണ്ട 5 & 6 :**

**മതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീമതി ആരിഫ മെതിയിൽ സമർപ്പിച്ച അപേക്ഷ (Docket No: BPMPM50977000022 & BPMPM50977000028)**

ഒരു പൊതു വഴിയോട് ചേർന്ന് മതിൽ നിർമ്മിക്കാൻ പെർമിറ്റ് എടുക്കണമെന്ന് നിയമം കർശനമായി അനുശാസിക്കുന്നുണ്ട്. ആയതു ഗ്രാമപഞ്ചായത്തു സെക്രട്ടറി പാലിക്കുന്നില്ല എന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള 1. 3 മീറ്റർ വീതിയിലുള്ള പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡിലേക്ക് കൈയേറ്റം നടത്തി മതിലിൻറെ നിർമ്മാണം നടത്തി എന്നതാണ് പരാതിയിൽ ഉന്നയിച്ചിരിക്കുന്നത്.

**തീരുമാനം**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതുമായ വഴികൾ സംരക്ഷിക്കുന്നതിനുള്ള ബാധ്യത ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വഴിയിൽ സ്വകാര്യ ഭൂമി കയ്യേറ്റം ഇല്ലാതെയാണ് ഗ്രാമപഞ്ചായത്ത് കൈവരി നിർമ്മിച്ചിട്ടുള്ളതെങ്കിൽ പ്രസ്തുത പ്രവർത്തിയിൽ അപാകത ഇല്ല എന്ന് കാണുന്നു. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശിത നടവഴിയിൽ ഗ്രാമപഞ്ചായത്തിന് നിയമപരമായി ഉടമസ്ഥാവകാശം ഇല്ലെന്ന് ഉറപ്പുവരുത്തുന്ന പക്ഷം ഇവിടെ നിർമ്മിച്ചിട്ടുള്ള ഇരുമ്പ് കൈവരി പൊളിച്ചു നീക്കുന്നതിന് സർക്കാർ 20.03.2025 തീയതിയിൽ ആർ.ബി 3/458/2024-തസ്വഭവ നമ്പർ കത്ത് മുഖേന നിർദ്ദേശിച്ചിരുന്നു. മേൽ സാഹചര്യത്തിൽ പരാതിക്കാരിയുടെതുടെ ഉടമസ്ഥതയിലുള്ള സ്വകാര്യ വഴിയിലേക്ക് കയ്യേറ്റം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആവശ്യമായ രേഖകൾ സഹിതം അപേക്ഷകന് മറുപടി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു

**(നടപടി : സെക്രട്ടറി, പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്)**

**അജണ്ട 7:**

**അനധികൃത ഹോസ്പിറ്റൽ നിർമ്മാണത്തിനെതിരെ പള്ളിപ്പാടി ജനകീയ സമിതി സമർപ്പിച്ച അപേക്ഷ (Docket No: BPMPM51274000074)**

മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി നഗരസഭയിൽ തൃക്കുളം പള്ളിപ്പടിയിൽ 39/ 172/, 172 എ നമ്പർ കെട്ടിടത്തിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന കരുണ ഹോസ്പിറ്റലിലെ അനധികൃത

നിർമ്മാണത്തിനെതിരെയാണ് പരാതി. സ്ഥാപനത്തിലെ ജീവനക്കാർക്കും ചികിത്സക്കെത്തുന്നവർക്കും അപായ സാധ്യതയുള്ള രീതിയിലും ചട്ടലംഘനത്തോടെയും ആവശ്യമായ അനുമതി പത്രങ്ങളില്ലാതെയും ആണ് സ്ഥാപനം പ്രവർത്തിക്കുന്നത് എന്നും ആയതിനാൽ സ്ഥാപനത്തിന് അനുവദിച്ച ഒക്യുപെൻസി ഉടൻ റദ്ദ് ചെയ്യുന്നതിനും അനാസ്ഥ കാണിച്ച ജീവനക്കാർക്കെതിരെ ഉചിത ശിക്ഷ നടപടികളുണ്ടാകണം എന്നും കെട്ടിടത്തിന് യു. എ നമ്പർ നൽകി നികുതി ഈടാക്കണമെന്നുമാണ് പരാതിയിലെ ആവശ്യം.

<u>തീരുമാനം</u>

1. പരാതിയ്ക്കാസ്പദമായ വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലുള്ളതാണ്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. കോടതി വിധി ലഭ്യമാകുന്ന മുറയ്ക്ക് ആയതിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് തിരൂരങ്ങാടി മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നു.
2 . കെട്ടിടങ്ങൾ ക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുമ്പോൾ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല, ലീസ് ഡീഡ് ഇല്ലാതെയാണ് പെർമിറ്റ് നൽകിയിട്ടുള്ളത്, കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 406 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത് നടപടിക്രമങ്ങൾ പാലിച്ചല്ല, പ്രസ്തുത നോട്ടീസ് നൽകുമ്പോൾ ലംഘനങ്ങൾ കൃത്യമായി പരാമർശിച്ചിരുന്നില്ല, ടി ആശുപത്രിയിൽ പ്രവർത്തിക്കുന്ന കാന്റീനിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഇല്ല തുടങ്ങിയ ആരോപണങ്ങൾ പരാതിക്കാർ സംസ്ഥാനതല അദാലത്ത് സമിതിയിൽ ഉന്നയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ പരാതിക്കാരെ നേരിൽകേട്ട് പ്രസ്തുത ആരോപണത്തിലെ വസ്തുതകൾ സാങ്കേതിക വൈദഗ്ധ്യം ഉള്ള ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഇന്റേണൽ വിജിലൻസ് ടീമിനെ കൊണ്ട് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതിന് ജില്ലാ ജോയിൻ ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**(നടപടി : ജില്ലാ ജോയിൻ്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം)**

**<u>അജണ്ട 8 :</u>**

**<u>കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി നസീറ പി.കെ സമർപ്പിച്ച അപേക്ഷ (Docket No: BPKZDC0171000718)</u>**

കോഴിക്കോട് കോർപറേഷൻ കസബ വില്ലേജിൽ റീസർവേ 298 ൽ ഉൾപ്പെട്ട സ്ഥലത്ത് ഗോഡൗൺ നിർമ്മാണത്തിന് 19/10/2019 തീയതിയിൽ കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത നിർമ്മാണം ഉൾപ്പെടുന്ന സ്ഥലം CRZ നിയമം ബാധകമായ സ്ഥലത്തും പുഴയോട് ചേർന്ന് നിൽക്കുന്ന പ്രദേശത്തും ആണ് വരുന്നത്. ആയതിനാൽ CRZ നിയമത്തിന്റെ ലംഘനം ഉള്ളതിനാലും മാസ്റ്റർ പ്ലാൻ പ്രകാരം റോഡ് വികസനത്തെ ബാധിക്കുന്നതിനാലും നിർമ്മാണ അനുമതി പുതുക്കി നൽകുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സമിതിക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്നും ആയതിനാൽ ടി വിഷയത്തിൽ വ്യക്തത സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു നിർമ്മാണത്തിനെതിരെ വരുത്തുന്നതിനാണ് അപേക്ഷ എസ്കലേറ്റ് ചെയ്തിട്ടുള്ളത്. കൂടാതെ അനുമതി നൽകിയതിൽ നിന്നും വ്യത്യസ്തമായി പൈലിങ് പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ജില്ലാതല അദാലത് സമിതിയുടെ റിപ്പോർട്ടിൽ

പരാമർശിച്ചിട്ടുണ്ട്.

**തീരുമാനം**

CRZ NOC ലഭ്യമാക്കിയിട്ടില്ലാത്തതിനാലും 07/07/2017-ലെ G.O(Ms)No131/2017/LSGD ഉത്തരവ് പ്രകാരമുള്ള അംഗീകൃത കോഴിക്കോട് അർബൻ ഏര്യ മാസ്റ്റർ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥലത്ത് നിർമ്മാണം അനുവദനീയമല്ലാത്തതിനാലും കെട്ടിട നിർമ്മാണ പ്രവർത്തി Super Structure Work ആരംഭിച്ചിട്ടില്ലെന്നത് പരിഗണിച്ചും പെർമിറ്റ് ദീർഘിപ്പിച്ച് നൽകേണ്ടതില്ലെന്ന് സർക്കാർ 01/12/2024-തീയതിയിൽ ആർബി3/32/2023-തസ്വഭവ കത്ത് മുഖേന കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. മേൽ വിഷയത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുള്ളതിനാൽ അപേക്ഷ തീർപ്പാക്കുന്നു.

സർക്കാർ തീരുമാനം അപേക്ഷകനെ അറിയിച്ചിട്ടുള്ളതായി നഗരസഭ അധികൃതർ അദാലത്തിൽ അറിയിച്ചുവെങ്കിലും പ്രസ്തുത അറിയിപ്പ് ലഭ്യമായിട്ടില്ലായെന്ന് അപേക്ഷക ബോധിപ്പിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ നഗരസഭയിൽ നിന്നും അപേക്ഷകയ്ക്ക് നൽകിയ കത്തിന്റെ ഒരു പകർപ്പ് (സർക്കാർ തീരുമാനം സഹിതം) രജിസ്റ്റേഡ് തപാലിൽ അപേക്ഷകയ്ക്ക് ഒരിക്കൽ കൂടി നൽകുന്നതിന് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുന്നു.

**(നടപടി : സെക്രട്ടറി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ.)**

**അജണ്ട 9 :**

**കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനായി ശ്രീമതി ഹസീന സി.എ. സമർപ്പിച്ച അപേക്ഷ (Docket No: BPTCR10719000014)**

ശ്രീമതി ഹസീന വാങ്ങിയ സ്ഥലത്തേക്ക് വഴി സൗകര്യം ലഭ്യമല്ല എന്ന AE യുടെ റിപ്പോർട്ടിന്മേൽ നൽകിയ പെർമിറ്റ് താൽകാലികമായി റദ്ദാക്കിയിട്ടുള്ളതിനാൽ KPBR rule 28 പ്രകാരം 200 ച .മീ താഴെ വരുന്ന വീടുകൾക്ക് അക്സസ്സ് എന്നത് നോ മിനിമം എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് പരിഗണിച്ച് പെർമിറ്റ് നൽകാൻ കഴിയുമോ എന്നതിൽ സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനാണ് അപേക്ഷ സംസ്ഥാനതല അദാലത്ത് സമിതിയിലേയ്ക്ക് എസ്കലേറ്റ് ചെയ്തിട്ടുള്ളത്. ബഹു. കോടതിയുടെ പരിഗണയിലിരിക്കുന്ന വിഷയമായതിനാലും കോടതിയുടെ അറിവിന് വിധേയമായി മാത്രമേ കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടികൾക്ക് അനുവാദം നൽകുവാൻ പാടുള്ളു എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദേശം നൽകിയിട്ടുള്ളതാണെന്നും ജില്ലാതല അദാലത്ത് സമിതിയുടെ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്.

ശ്രീ. ഷാജി, ശ്രീമതി. ഹസീന എന്നിവരുടെ ആധാരത്തിൽ പ്ലോട്ടിലേയ്ക്കുള്ള വഴി കാണിച്ചിട്ടുണ്ടെന്നും ടി റോഡ് ആരംഭിക്കുന്ന ഗോപാൽജി റോഡുമായി ബന്ധപ്പെട്ടാണ് വടക്കാഞ്ചേരി മുൻസിഫ് കോടതിയിൽ OS300/2022 നമ്പറായി വാസുദേവൻ എന്ന വ്യക്തി കേസ് ഫയൽ ചെയ്തിട്ടുള്ളതെന്നും ശ്രീമതി ഹസീനയുടെ വീട്ടിലേയ്ക്കുള്ള വഴിയുമായി ബന്ധപ്പെട്ട് യാതൊരുവിധ കേസും നിലവിലുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ലെന്നും ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം**

തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പിന്റെ 28.11.2023-ലെ ആർ.ബി. 2/451/2023തസ്വഭവ നമ്പർ സർക്കാർ കത്ത് മുഖേന, ശ്രീമതി ഹസീനയുടെ പ്ലോട്ടിലേക്കുള്ള പരാമർശിതവഴിയായ ഗോപാൽജി റോഡ് എന്നുള്ള വഴി സംബന്ധിച്ചുള്ള തർക്കം ബഹു: കോടതിയിലും പോലീസ് സ്റ്റേഷനിലും നില നിൽക്കുന്നതിനാൽ ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി ടി റോഡ് വീട് പണിയുന്നതിനുള്ള പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ള ആളുകൾക്ക് സഞ്ചാരത്തിനും പൊതു ഉപയോഗത്തിനും അനുവദനീയമാണെങ്കിലും ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പരാതികൾ പരിശോധിച്ച് വ്യക്തത വരുത്തിയും, ബഹു: കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം കൂടിയായതിനാൽ ബഹു:കോടതിയുടെ അറിവിന് വിധേയമായും മാത്രമേ കെട്ടിടനിർമ്മാണത്തിനുള്ള തുടർനടപടികൾക്ക് അനുവാദം നൽകാൻ പാടുള്ളൂ എന്ന് ചൂണ്ടേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയതായി കാണുന്നു. ആയതിനാൽ പ്രസ്തുത സർക്കാർ നിർദ്ദേശം പാലിച്ചും കൊണ്ടുള്ള നടപടികൾ സെക്രട്ടറി കൈക്കൊള്ളേണ്ടതാണ്.

**(നടപടി : സെക്രട്ടറി, ചൂണ്ടൽ ഗ്രാമപഞ്ചായത്ത്)**

**അജണ്ട 10 : നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിന് ശ്രീ. മുഹമ്മദ് സമർപ്പിച്ച അപേക്ഷ (Docket No: BPTCR10740000006)**

മുൻകാലങ്ങളിൽ Annual Rental Value - ന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി നിശ്ചയിച്ചിട്ടുള്ള കെട്ടിടത്തിന് അതേ വിസ്തീർണ്ണമുള്ളതും നിലവിൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ളതുമായ കെട്ടിടത്തിനേക്കാളും അധിക നികുതി ഒടുക്കേണ്ടി വരുന്നതിനാൽ കെട്ടിട നികുതി കുറവ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷ.

**തീരുമാനം**

കേരളത്തിലെ പഞ്ചായത്തുകളിൽ മുൻകാലങ്ങളിൽ കെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യം നിർണയിച്ച് (ARV) ആയതിൻ പ്രകാരമുള്ള നികുതിയായിരുന്നു ചുമത്തി വന്നിരുന്നത്. 2013-ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി 27.04.2015 തീയതിയിലെ സ.ഉ. (എം.എസ്) 144/2015/ തസ്വഭവ നമ്പർ ഉത്തരവു പ്രകാരം കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനും ആകെ വിസ്തീർണ്ണം 2000 സ്ക്വയർ ഫീറ്റിൽ അധികരിക്കുന്ന നിലവിലുള്ള കെട്ടിടങ്ങൾക്ക് നിലവിലുള്ള കെട്ടിടനികുതിയുടെ 25% വർദ്ധനവ് വരുത്തി നികുതി പുതുക്കി നിശ്ചയിക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിരുന്നത്. 22.03.2023 തീയതിയിലെ സ.ഉ. (കൈ) 77/2023/ തസ്വഭവ ഉത്തരവ് പ്രകാരം 2023 - 24 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള വസ്തുനികുതി അഞ്ച് ശതമാനം വർദ്ധിപ്പിക്കുകയും 2024-25 വർഷത്തിൽ വീണ്ടും 5% വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം നികുതി നിർണയം നടത്തുമ്പോൾ Annual Rental value പ്രകാരം നികുതി നിർണയിച്ചിട്ടുള്ള പല പഴയ കെട്ടിടങ്ങൾക്കും സമാനമായ തറവിസ്തീർണ്ണമുള്ള പുതിയ കെട്ടിടങ്ങളെക്കാൾ കൂടുതൽ നികുതി ഒടുക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് പല ജില്ലകളിലും നടത്തിയ തദ്ദേശ അദാലത്തിൽ നിരവധി പരാതികൾ ലഭിക്കുകയും പുതുതായി നിർമ്മിച്ച വീടിന് കുറവ് നികുതിയും അതേ വിസ്തീർണമുള്ള പഴയ വീടിന് അധിക നികുതിയും ഈടാക്കുന്നത് സ്വാഭാവിക നീതി അല്ല എന്ന് സംസ്ഥാനതല അദാലത്ത് സമിതി നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല അദാലത്ത് സമിതിയുടെ തീരുമാന പ്രകാരം സ.ഉ (എം.എസ്) 144/2015/ തസ്വഭവ നമ്പർ ഉത്തരവിലെ 1, 2

ഖണ്ഡികകളിൽ ഭേദഗതി വരുത്തുന്നതിന് അനുകൂല ശുപാർശയോടെ പ്രിൻസിപ്പൽ ഡയറക്ടർ LSGD/PD/32548/2024-REV2 നമ്പരായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മേൽ വിഷയം സർക്കാരിന്റെ പരിഗണനയിലായതിനാൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ സർക്കാർ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ആയതിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**(നടപടി : സെക്രട്ടറി, കോലഴി ഗ്രാമപഞ്ചായത്ത്)**

**അജണ്ട 11 : നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിന് ശ്രീ. സുർജിത് സിങ്ങ് സമർപ്പിച്ച അപേക്ഷ (Docket No: BPKZDC0171000733)**

തൻറെ വസ്തുവിന് മുന്നിലൂടെ പോകുന്ന റോഡിൻറെ വീതി തെറ്റായി കണക്കാക്കി നഗരസഭ വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ആയത് പുന പരിശോധിക്കണമെന്നും ആവശ്യപ്പെട്ടാണ് ശ്രീ. സുർജിത് സിംഗ് അദാലത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

5 മീറ്റർ വീതിയുള്ള കാരാട്ട് റോഡിൽ നിന്നും 3 മീറ്റർ വീതിയുള്ള രണ്ട് പ്ലോട്ടുകൾ കടന്നാണ് തൻറെ വസ്തുവിലേക്ക് എത്തിച്ചേരേണ്ടതെന്നും വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടം 8 അനുശാസിക്കും പ്രകാരം കാരാട്ട് റോഡിനെ 5 മീറ്ററിലധികം വീതിയുള്ള റോഡുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ലെന്നും മേൽ സാഹചര്യത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തിയിട്ടുള്ളത് പുനഃ പരിശോധിക്കണമെന്നാണ് അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ളത്.

നഗരസഭകളിലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സ.ഉ. (അ) നമ്പർ 100/2013 തസ്വഭവ, തീയതി 15.03.2013 നമ്പർ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള 2013 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ ചട്ടം 2 ഉപചട്ടം 2 (ii) പട്ടിക 2 പ്രകാരം അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ്. ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്നും 10 മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതു നടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ ആദ്യം പറഞ്ഞ പ്രകാരമുള്ള റോഡിൽ നിന്നും കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന് ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ചട്ടം 2 (3) ൽ ഓരോ കൗൺസിലും മുൻസിപ്പാലിറ്റി പ്രദേശത്തിനകത്തുള്ളതോ, മുൻസിപ്പാലിറ്റി പ്രദേശത്തുകൂടി കടന്നുപോകുന്നതോ ആയ റോഡുകളെയും നടപ്പാതകളെയും അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ, അഞ്ചു മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ, ഒന്നര മീറ്ററിൽ കുറവ് വീതിയുള്ള നടപ്പാതകൾ എന്നിങ്ങനെ തരംതിരിക്കേണ്ടതും ആ വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി സെക്രട്ടറി ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതും ആണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

5 മീറ്റർ വീതിയുള്ള കാരാട്ട് റോഡിൽ നിന്നും ആരംഭിച്ച് ഏകദേശം 33 മീറ്റർ നീളത്തിലും 3.5 മീറ്റർ വീതിയിലും അപേക്ഷകന്റെയും ഭാര്യയുടെയും ഉടമസ്ഥതയിലുള്ള സ്വകാര്യ വഴിയിലൂടെയാണ്

അപേക്ഷകൻ്റെ വീട്ടിലേക്കുള്ള പ്രവേശനം മാർഗ്ഗം എന്ന് ജില്ലാതല അദാലത്ത് സമിതിയുടെ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. അധിക വിവരങ്ങൾക്കായി ജില്ലാ സമിതിയുമായി ബന്ധപ്പെട്ടപ്പോൾ കാരാട്ട് റോഡിൽ നിന്നും ആരംഭിക്കുന്ന 3.5 മീറ്റർ വീതിയുള്ള വഴി അപേക്ഷകൻ തന്റെയും ഭാര്യയുടെയും പേർക്ക് വിലകൊടുത്ത് വാങ്ങിയിട്ടുള്ള വസ്തുവാണെന്നും ടി വസ്തുവിൽ നിന്ന് മറ്റു വ്യക്തികളുടെ വസ്തുവിലേക്ക് പ്രവേശനമില്ലെന്നും പ്രസ്തുത വഴിയുടെ ഇരുഭാഗവും അപേക്ഷകൻ മതിൽകെട്ടി അടച്ചിട്ടുള്ളതാണെന്ന് ജില്ലാതല അദാലത്ത് സമിതി കൺവീനർ അറിയിച്ചു. കാരാട്ട് റോഡിൻറെ ഇരുവശവും ഉള്ള എല്ലാ കെട്ടിടങ്ങൾക്കും സമാനമായ രീതിയിൽ അടിസ്ഥാന വസ്തു നികുതിയിൽ നിന്നും 20% വർദ്ധനവ് വരുത്തിയാണ് കോർപറേഷൻ നികുതി പുനർനിർണയം നടത്തിയിട്ടുള്ളതെന്നും റോഡുകൾ തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതാണെന്നും ഇത് സംബന്ധിച്ച ഫയലുകളും, രേഖകളും വിജിലൻസ് വകുപ്പിൻ്റെ കൈവശമായതിനാലാണ് ആയത് അപേക്ഷകന് നൽകാൻ കഴിയാത്തതെന്നും സെക്രട്ടറി അറിയിച്ചു.

**<u>തീരുമാനം</u>**

വസ്തു നികുതി പരിഷ്കരണത്തിൻ്റെ ഭാഗമായി റോഡുകൾ തരം തിരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള രേഖകളുടെ ഒരു പകർപ്പ് വിജിലൻസ് വകുപ്പുമായി ബന്ധപ്പെട്ട് ലഭ്യമാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി സംസ്ഥാനതല അദാലത്ത് സമിതിയ്ക്ക് നൽകുന്നതിനു മുൻസിപ്പൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**അജണ്ട 12 :**

**തദ്ദേശ അദാലത്തിൽ തെറ്റായ റിപ്പോർട്ട് നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. ഗിരീഷ് ബാബു വി.ബി സമർപ്പിച്ച അപേക്ഷ (Docket No: BPMPM509600000027)**

ചിറ്റാട്ടുകര ഗ്രാമപഞ്ചായത്തിൽ ശ്രീമതി ഷീബ എൻ എന്ന വ്യക്തി ചുറ്റമതിൽ കെട്ടുന്നതിന് പെർമിറ്റ് ലഭിക്കാത്തതുമായി ബന്ധപ്പെട്ട് അദാലത്തിൽ ഡോക്കറ്റ് നമ്പർ BPEKM20628000014 ആയി സമർപ്പിച്ച അപേക്ഷ യഥാർത്ഥ വസ്തുതകൾ മറച്ചുവെച്ചുള്ളതായിരുന്നുവെന്നും ടി അപേക്ഷ തീർപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. അജോയ് ജോർജ് ഉപജില്ലാ അദാലത്ത് സമിതിയിലേക്ക് നൽകിയ റിപ്പോർട്ടിൽ ശ്രീമതി ഷീബ, ടിയാളുടെ ഭർത്താവ് ശ്രീ. ടി.ജി. അനിൽകുമാർ എന്നിവർ നടത്തിയിട്ടുള്ള നിയമവിരുദ്ധ പ്രവർത്തികളെ കുറിച്ചുള്ള വസ്തുതകൾ ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ ടി റിപ്പോർട്ട് റിവ്യൂ ചെയ്ത് അദാലത്ത് പോർട്ടലിൽ പ്രസിദ്ധീകരിക്കണമെന്നും വസ്തുതകൾ മറച്ചുവെച്ച് അദാലത്തിൽ പരാതി നൽകിയ ശ്രീമതി ഷീബക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ് ശ്രീ. ഗിരീഷ് ബാബു ഉന്നയിച്ചിട്ടുള്ള ആവശ്യം.

**<u>തീരുമാനം</u>**

വഴി കയ്യേറ്റവുമായി ബന്ധപ്പെട്ട് ബഹു. പറവൂർ മുനിസിഫ് കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ശ്രീമതി ഷീബ ടി.എൻ. ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡോക്കറ്റ് നമ്പർ BPEKM20628000014 ആയി അദാലത്തിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച ഉപജില്ലാ അദാലത്ത് സമിതി ശ്രീമതി ഷീബയുടെ പെർമിറ്റ് അപേക്ഷയിന്മേൽ ബഹു. കോടതിയുടെ അന്തിമവിധി ലഭ്യമായ ശേഷം ആയതിനനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതിന് ചിറ്റാട്ടുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയാണ് തീർപ്പാക്കിയിട്ടുള്ളത്. വസ്തുതകൾ മറച്ചുവെച്ച അദാലത്തിൽ

അപേക്ഷ സമർപ്പിച്ച ശ്രീമതി ഷീബയ്ക്കെതിരെ നടപടിയെടുക്കണമെന്നുള്ള പരാതിക്കാരന്റെ ആവശ്യം അദാലത്ത് സമിതിയുടെ അധികാരപരിധിയിൽ ഉൾപ്പെടുന്ന വിഷയമല്ല. ഡോക്കറ്റ് നമ്പർ BPEKM20628000014 അപേക്ഷ പരിഗണിക്കുന്ന വേളയിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. അജോയ് ജോർജ് ബോധപൂർവ്വം വസ്തുതാവിരുദ്ധമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്ന് ടി ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള ഇന്റേണൽ വിജിലൻസ് ഓഫീസർ പരിശോധിച്ച് ജില്ലാ ജോയിൻറ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുന്നതിനും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ തുടർന്ന് നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ജോയിൻറ് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാതി തീർപ്പാക്കുന്നു.

(നടപടി : ജില്ലാ ജോയിൻ്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം)

**അജണ്ട 13 :**

**ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് അധിക ധനസഹായം അനുവദിക്കുന്നതിന് ശ്രീമതി ഷൈജമ്മ സമർപ്പിച്ച അപേക്ഷ (Docket No:CREKM10670000008)**

ശ്രീമതി ഷൈജമ്മക്ക് ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട സാമ്പത്തിക ആനുകൂല്യം അനുവദിച്ചിരുന്നു. ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചില്ല എന്നും അപേക്ഷകയുടെ മക്കൾ ഭിന്നശേഷിക്കാരാണെന്ന് വസ്തുത പരിഗണിച്ച് അധിക ധനസഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

**തീരുമാനം**

ധനസഹായം അനുവദിക്കണമെന്ന സംസ്ഥാനതല അദാലത്തിന്റെ പരിഗണനാ വിഷയങ്ങളിലും സംസ്ഥാനതല അദാലത്ത് സമിതിയുടെ അധികാര പരിധിയിലും പെടുന്നതല്ല. മേൽ സാഹചര്യത്തിൽ ധനസഹായം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉചിതമായ ഫോറത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകി പരാതി തീർപ്പാക്കുന്നു.

VANAJAKUMARI K
ADDITIONAL DIRECTOR (VIGILANCE)

Signed by
Vanajakumari K
Date: 06-06-2025 10:57:14